ഉത്തരം

(എ&ബി) ഈ സർക്കാർ നിലവിൽ വന്ന 1996-97 സാമ്പത്തിക വർഷത്തിലെ കണക്കുപ്രകാരം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ അനുബന്ധം 1-ൽ† പരാമർശിച്ചിട്ടുള്ള 42 സ്ഥാപനങ്ങൾ ലാഭത്തിലും അനുബന്ധം 2-ൽ† പരാമർശിച്ചിട്ടുള്ള 43 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചു. ലാഭമുണ്ടാക്കിയ 42 സ്ഥാപനങ്ങളിൽ മൊത്തം 13093.84 ലക്ഷം രൂപ ലാഭമുണ്ടാക്കിയപ്പോൾ 43 സ്ഥാപനങ്ങൾ 25418.44 ലക്ഷം രൂപ നഷ്ടമുണ്ടാക്കി. മൊത്തം 11324.55 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായി. ഈ സ്ഥാപനങ്ങൾ തൊട്ടുമുമ്പത്തെ സാമ്പത്തിക വർഷത്തിൽ ഉണ്ടാക്കിയ ലാഭനഷ്ടം അനുബന്ധം 3-ൽ കൊടുത്തിട്ടുണ്ട്.†

(സി) ഏറ്റവും ഒടുവിൽ ലഭ്യമായിട്ടുള്ള 1999-2000 വർഷത്തെ കണക്കുപ്രകാരം ലാഭത്തിൽ പ്രവർത്തിച്ച 45 പൊതുമേഖലാ സ്ഥാപനങ്ങളുടെ പേരു വിവരവും അവയിൽ നിന്നുള്ള ലാഭവും അനുബന്ധം 4-ലും† നഷ്ടത്തിൽ പ്രവർത്തിച്ച 51 സ്ഥാപനങ്ങളുടെ പേരു വിവരവും അവ വരുത്തിവച്ച നഷ്ടവും അനുന്ധം 5-ലും† നൽകിയിട്ടുണ്ട്. ലാഭമുണ്ടാക്കിയ 45 സ്ഥാപനങ്ങളിലുമായി മൊത്തം 28543.97 ലക്ഷം രൂപയും നഷ്ടത്തിൽ പ്രവർത്തിച്ച 51 സ്ഥാപനങ്ങൾ മൊത്തം 11401 ലക്ഷം രൂപയുടെ നഷ്ടവും ഉണ്ടാക്കി. എല്ലാ സ്ഥാപനങ്ങളും കൂടി 17142.97 ലക്ഷം രൂപ ലാഭമുണ്ടാക്കി.

(ഡി) പൊതുമേഖലാസ്ഥാപനങ്ങളുടെ ലാഭ-നഷ്ട കണക്കുകൾ വാർഷികാടിസ്ഥാനത്തിലാണ് നിർണ്ണയിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ത്രൈമാസാടിസ്ഥാനത്തിലും അർദ്ധവാർഷികമായും അവലോകനം ചെയ്യാറുണ്ടെങ്കിലും അവ ഓരോന്നും വരുത്തിയ ലാഭമോ നഷ്ടമോ സാമ്പത്തിക വർഷം അവസാനിക്കാത്തതുകൊണ്ട് നിർണ്ണയിക്കുക പ്രാവർത്തികമല്ല.

ജോലിചെയ്യാതെ ശമ്പളം വാങ്ങുന്നവർ

73 (74) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, അർദ്ധ സർക്കാർ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാരിൽ ഒരുവിഭാഗം അനധികൃതമായി ജോലി ചെയ്യാതെ പൂർണ്ണശമ്പളവും ആനുകൂല്യങ്ങളും വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം അവസ്ഥ മാറ്റാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ ;

(സി) ഇത്തരക്കാർക്ക് ശമ്പളവും ആനുകൂല്യവും നൽകാൻ ഉത്തരവാദിത്വം നിയമപരമായി നിലവിലുണ്ടോ ;

---

† അനുബന്ധം - XXI(a,b,c,d,e)

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജോലിക്ക് ഹാജരാകാത്ത ദിവസം പണിമുടക്കിയില്ലെങ്കിൽ അവധിക്ക് അപേക്ഷിക്കുന്ന രീതി നടപ്പാക്കാൻ നടപടി സ്വീകരിക്കാമോ ;

(ഇ) സർക്കാർ സർവ്വീസിന്റെ ജനസേവന ലക്ഷ്യം ബോധപൂർവ്വം നശിപ്പിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ കണ്ടുപിടിച്ച് അത്തരം പ്രവണത നിരുത്സാഹപ്പെടുത്താൻ ഒരു പദ്ധതി തയ്യാറാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

നിലം നികത്തി കൃഷിയിടങ്ങൾ നശിപ്പിച്ച സംഭവം

74 (75) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം നിലം നികത്തിയതിന്റെ പേരിൽ എവിടെയെല്ലാം കൃഷിയും വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളും നശിപ്പിച്ചിട്ടുണ്ട് ;

(ബി) ഇതുമൂലം ആർക്കെല്ലാമാണ് നഷ്ടം സംഭവിച്ചത് ;

(സി) ഓരോരുത്തർക്കും എന്തു തുകയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കപ്പെടുന്നു ;

(ഡി) ആരുടെയെല്ലാം മത്സ്യകുളങ്ങളുടെ ബണ്ട് മുറിച്ച് മത്സ്യങ്ങളെ കുളങ്ങളിൽ നിന്ന് നഷ്ടപ്പെടുവാനിടയാക്കിയിട്ടുണ്ട് ;

(ഇ) ഇതുമൂലം ഓരോരുത്തർക്കും എന്തു നഷ്ടം വീതം ഉണ്ടായിട്ടുണ്ട് ;

(എഫ്) മുകളിൽ പറഞ്ഞ ഓരോ അക്രമപ്രവൃത്തിയും ചെയ്തത് ഏതെങ്കിലും സംഘടനയിൽപ്പെട്ടവർ ആണെന്ന് പറയുമോ ;

(ജി) എങ്കിൽ ഏതുസംഘടനയിൽപ്പെട്ടവരാണ് എന്നറിയിക്കുമോ ; ആരുടെ നേതൃത്വത്തിലാണ് ഇതിൽ ഓരോ കൃത്യവും നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(എച്ച്) ഈ ഓരോ കൃത്യവും നടത്തിയവരുടെ മേൽ കേസ് എടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ഐ) ഈ സംഭവങ്ങളിൽ നാശനഷ്ടമുണ്ടായവർക്ക് എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര വീതം ; നഷ്ട പരിഹാരം നൽകാത്തപക്ഷം അതിനുള്ള കാരണമെന്ത് എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly